"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് കുളമുക്ക് എ.എം.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശ്രീജ പി.ജി.ക്ക് ചികിത്സ ചെലവ് പ്രതിപൂരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2734/2024/GEDN തീയതി, തിരുവനന്തപുരം, 19-04-2024**

പരാമർശം:-
1. പാലക്കാട് കുളമുക്ക് എ.എം.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശ്രീജ പി.ജി.യുടെ 30/06/2017 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12/11/2019-ലെ (എൽ- ഡിസ്)എം ആർ 6- 14555/2019/ആ.വ.ഡ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08/02/2024-ലെ ആർ.7/18990/2023/ഡിജി ഇനമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കുളമുക്ക് എ.എം.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശ്രീജ പി.ജി.യുടെ ഭർത്താവ് ശ്രീ. പ്രദീപ് എസ്സ്.ന്റെ ക്യാൻസർ ചികിത്സയ്ക്ക് കൊച്ചി ലേക് ഷോർ ആശുപത്രിയിൽ 08/11/2016 മുതൽ 01/02/2017 വരെ കാലയളവിൽ ചെലവായ തുക പ്രതിപൂരണം ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം (1) അപേക്ഷ പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയത് സർക്കാരിൽ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കി, 1,60,121/- രൂപയുടെ (ഒരു ലക്ഷത്തി അറുപതിനായിരത്തി ഒരുന്നൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) അനുവദനീയതയുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് കുളമുക്ക് എ.എം.എൽ.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ശ്രീജ പി.ജി.യുടെ ഭർത്താവ് ശ്രീ. പ്രദീപ് എസ്സ്.ന്റെ ക്യാൻസർ ചികിത്സയ്ക്ക് കൊച്ചി ലേക് ഷോർ ആശുപത്രിയിൽ 08/11/2016 മുതൽ 01/02/2017 ചെലവാക്കിയതും ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയത

നൽകിയതുമായ തുകയായ 1,60,121/- രൂപയുടെ 80% ആയ 1,28,097/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി എട്ടായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം), പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബിൽ സഹിതം രജിസ്റ്റേഡ് തപാലിൽ).
വിദ്യാഭ്യസ ഉപഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
പ്രധാനാദ്ധ്യാപകൻ, എ.എം.എൽ.പി സ്കൂൾ, കുളമുക്ക്, പാലക്കാട്.
ശ്രീമതി. ശ്രീജ പി.ജി. , ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.എം.എൽ.പി സ്കൂൾ, കുളമുക്ക്, പാലക്കാട്.
ധനകാര്യ (ലോൺസ്) വകുപ്പ് (26/03/2024-ലെ
ലോൺസ്-എൽ 2/161/2024/ധന.(E-2738336) പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 20-04-2024 10:49:55
സെക്ഷൻ ഓഫീസർ